
DIGITAL
MAGAZINE

# താരകം

# ആമുഖം

കോവിഡ് എന്ന മഹാമാരിയെ അതിജീവിച്ച് സ്കൂളുകൾക്ക് ജീവൻ പകർന്നുകൊണ്ട് കുരുന്നുകൾ വീണ്ടും വന്നെത്തി. അവരുടെ സന്തോഷത്തിൽ പങ്കെടുത്തുകൊണ്ട് ലിറ്റിൽ കൈറ്റ്സ് – ലെ കൂട്ടുകാർ അവരുടെ ഭാവനങ്ങളിൽ ഇതൾ വിരിഞ്ഞ വരകളും എഴുത്തുകളും ഒരുമിച്ച് ചേർത്ത് തയ്യാറാക്കിയ ഈ മാഗസിൻ നിങ്ങൾക്കായി സമർപ്പിക്കുന്നു.

# ഉള്ളടക്കം


1. അറിക നീ മാനവാ 6
2. ഓർമ 7
3. വൃദ്ധസദനത്തിൽ നിന്നൊരമ്മ 8
4. ആത്മാവ് 9
5. കിളി 10
6. കപ്പൽ 11
7. കടുവ 12
8. ചിത്രശലഭം 13
9. പാത്തുമ്മയുടെ ആട് 14
10. മഹാമാരിയിൽ മാഞ്ഞുപോയ സ്നേഹം 15
11. സ്വർഗ്ഗമാകുന്ന വിദ്യാലയം 18
12. ഓടയിൽ നിന്ന് 19
13. കോവിഡ് കാലം 21

14. തേൻമാവ് 22

15. എന്റെ അവധിക്കാല അനുഭവം 23

16. ഓർമ്മയുടെ ഞരമ്പ് 24

17. സഖി 27

18. കേൾക്കാത്ത തേങ്ങൽ 28

19. എന്റെ അവധിക്കാലം 29

20. ബാഷ്പാഞ്ജലി 30

21. അമ്മ 31

# അറിക നീ.... മാനവാ

നടനമാടി തളർന്നു ഞാൻ മാനവാ
നിനവു ചൊല്ലുന്നരങ്ങൊഴിഞ്ഞീടുവാൻ
നിന്റെ  താളത്തിനൊപ്പം ചവിട്ടുവാൻ
കൈവശമില്ല നിൻ നടനമുദ്രകൾ
എന്നിലെ ലാസ്യ ശാന്ത ശൃംഗാരങ്ങൾ
നിന്നുടെ ചടുല താണ്ഡവമാകുമോ
മധുരമായി ഞാൻ മീട്ടിയ വീണതൻ
മൃദുലതന്ത്രികൾ നീ തച്ചുടച്ചുവോ
എന്നിലെ വർണ്ണഹരിതാഭമേടകൾ
ശാസ്ത്രകുതുകികൾക്കാരങ്ങേറ്റ ഭൂവായി
വർണവും വർഷ ശിശിരഹേമന്തലും
ചുവടുതെറ്റി പകച്ചു നിന്നീടുന്നു.
പുതിയശൈലിയും ഗ്ലോബലൈസേഷനും
പകരമാവിലെൻ ശാശ്വതഭംഗിക്ക്
എന്നിലെ ജീവ ചേതസ്സുമോജസ്സും
നിന്റെ നന്മയ്ക്കായി നീട്ടിവയ്ക്കുമ്പോഴും
സ്വർത്ഥതാല്പര്യ പുരാണത്തിനായ്
ആർത്തിപൂണ്ടു നീയെൻ നേർക്കടുക്കുന്നു
കാപട്യം കൊണ്ടു വിളക്കിവിളയിച്ച
കാരിരുൾ മൂടിയ നിന്റെ മനസാക്ഷി
ആർഭാടത്തിന്റെ കൈയ്യും പിടിച്ചുകൊണ്ടാ
പത്തിലെയ്ക്കാണു പോകുന്നതറിക നീ
കഴിയുകില്ല നിനക്കീ പ്രകൃതി ശക്തിയെ
സ്ഥയിയായി നിൻ കാൽകീഴിലാക്കുവാൻ
ഓർക്ക നീ വെറും നശ്വരമാം ജന്മം
ആടിതിമിർപ്പതു നിൻ മരണ മുദ്രകൾ

ജ്യോതി എ എസ്

# ഓർമ

നാം നടന്നു തീർന്ന വഴിയിൽ
വേനലിൽ ഉണങ്ങിയ ഇലകൾ മാത്രം.....
വിദ്യാലയ തിരുമുറ്റത്ത് നിൽക്കുമ്പോൾ
പല, പല ഓർമകൾ കടന്നു കൂടി.....
ഇവിടെ ഒരു മുത്തശ്ശി മാവ്
മാമ്പഴം പൊഴിച്ചിരുന്നു.....
ഇന്നിതാ വേനലിൽ ചൂടിൽ
അത് വെന്ത് നീറുന്നു.....

വിദ്യാലയം തന്ന ആ കുസൃതി
നിറഞ്ഞിടും നല്ല കാലം.....
ആ ഹൃദ്യമാം കാഴ്ചകൾ
എങ്ങുപോയി മറഞ്ഞു ....?
ഓർമതൻ ചെപ്പിലെ
മായാതെ കിടക്കുന്ന
മധുരമേറും കാലം
ഇനി ഉണ്ടാകുമോ .....?

നാം നടന്ന വഴിയിലൂടെ
അവർക്കിനി നടക്കാൻ
കഴിയുമോ.....?
ഉത്തരമില്ലെനിക്കില്ല
ഈ ചോദ്യങ്ങൾക്കില്ല
ഓർമകൾ വിറങ്ങലിച്ചു
നിന്നു പോയി.....
എൻ ഓർമകൾ നിന്നു പോയി......

അഫ്രിൻ ഷംനാദ്

# വൃദ്ധസദനത്തിൽ നിന്നൊരമ്മ

അ.. യിൽ തുടങ്ങി,
അമ്മ എന്ന രണ്ടക്ഷരം
സ്നേഹം തുളുമ്പും രണ്ടക്ഷരം
പേറ്റമ്മയാണ് ..., ഇന്നവളനാഥയാണ്
പാലൂട്ടി വളർത്തിയ മകൾക്ക്
ഇന്നവൾ ഭാരമാണ് .

ഇതൊരമ്മതൻ തേങ്ങലോ ?
ഇതൊരമ്മതൻ വിങ്ങലോ ?

കരഞ്ഞു കലങ്ങിയ കണ്ണുകൾ
കല്ലു പോലെ മരവിച്ച മനസ്സുകൾ

അമ്മ സ്നേഹമാണെന്നോതിയ
മകളെവിടെ ?
അമ്മ നന്മയാണെന്നോതിയ
മകളെവിടെ ?
അമ്മ ദൈവമാണെന്നോദിയ
മകളെവിടെ ?

അമ്മ, പേറ്റമ്മയാണ്
ഇന്നവളനാഥയാണ്

ഇതൊരമ്മതൻ തേങ്ങലോ ?
ഇതൊരമ്മതൻ വിങ്ങലോ ?

സാരംഗ് എസ് എസ്


# ആത്മാവ്

സൂര്യന്റെ ചൂടേറ്റുണർന്നിടുന്നു ; രാത്രിയിൽ ,
അമ്മതൻ ചൂടേറ്റുറങ്ങിടുന്നു,
കിളിയുടെ നാദം ഉണർത്തിടുന്നു, അമ്മ
ക്കിളിയുടെ താരാട്ടുറക്കിടുന്നു .
രാത്രിയിൽ മിന്നുന്ന താരങ്ങൾ കാലത്ത് ,
അമ്മതൻ കണ്ണിലായ് മിന്നിടുന്നു .
കാലിലായ് കുഴികളും, അവയിലായ് മുൾകളും,
വളമായി കരിയും ഹാ ! പൂന്തോട്ടമായി .
ഇപ്പോയില്ലമ്മയെന്നോപ്പമിലെങ്കിലു
അമ്മതന്നാത്മാവാണീ പ്രപഞ്ചം . . . .

സിദ്ധാർഥ് എസ് എ




# അഭിറാം



# പ്രയാഗ് വി

Govt H S S Poovathoor



# അതുൽ പ്രകാശ്



# അതുൽ പ്രകാശ്

# പാത്തുമ്മയുടെ ആട്

**വൈക്കം മുഹമ്മദ് ബഷീറിന്റെ പ്രസിദ്ധമായ നോവലാണ് പത്തുമ്മയുടെ ആട്. മാനസിക രോഗത്തിന് ചികിത്സയും വിശ്രമവുമായി വൈക്കത്തിനടുത്ത് തലയോലപറമ്പിലുള്ള കുടുംബവീട്ടിൽ കഴിവേ 1954 – ന് ആണ് ബഷീർ ഇത് എഴുതിയത്. ബഷീറിന്റെ അമ്മയും സഹോദരങ്ങളും അവരുടെ ഭാര്യമാരും കുട്ടികളും അടങ്ങുന്ന കൂട്ടുകുടുംബം ഒരു ചെറിയ വീട്ടിൽ ഒരുമിച്ചാണ് കഴിഞ്ഞിരുന്നത്. അവിടെ നടക്കുന്ന ദൈന്യം ദിന സംഭവവികാസങ്ങൾ തനതുശൈലിയിൽ വിവരിക്കുകയാണ് ബഷീർ ഈ നോവലിൽ. ആ വീട്ടിലെ ഓരോ കുടുംബാങ്ങവും, ബഷീറിന്റെ സഹോദരി പാത്തുമ്മ വളർത്തുന്ന ആട് പോലും ഈ നോവലിലെ കഥാപാത്രങ്ങളാണ്. നോവലിലെ പ്രധാനകഥാപാത്രമാണ് പാത്തുമ്മയും ആടും. വളരെ രസകരമായിട്ടാണ് ബഷീർ കഥ എഴുതിയിരികുന്നത് .ഈ നോവലിലെ പാത്തുമ്മയെയാണ് എനിക്ക് ഏറെ ഇഷ്ടമായ കഥാപാത്രം .**

**അമൃതശ്രീ സി**

# മഹാമാരിയിൽ മാഞ്ഞുപോയ സ്നേഹം

ലോക്ക്ഡൗൺ കാലത്ത് എന്റെ മനസിനെ ആഴത്തിൽ സ്പർശിച്ച ഒരു സംഭവത്തെ ആസ്പദമാക്കി എഴുതിയ ഒരു കഥയാണിത്.

കുഞ്ഞുങ്ങൾക്ക് ആഹാരം കൊടുക്കുമ്പോഴും അവർ ചോദിച്ചു. " അമ്മേ, പപ്പ എന്താ വരാത്തത് ? എന്നാ ഇനി വരിക ?"

അപ്പോൾ അവൾ പറഞ്ഞു : " മക്കളേ പപ്പക്ക് തിരക്കല്ലേ, ഒരുപാട് രോഗികളെ ചികിത്സിക്കാനുണ്ട്. തിരക്കൊഴിയുമ്പൊൾ പപ്പ നമ്മളെ കാണാൻ ഇങ്ങെത്തും." അവളിത് പറയുമ്പോൾ തന്നെ മൊബൈൽ ഫോൺ റിങ് ചെയ്യുന്നത് അവൾ കേട്ടു. കോൾ കണ്ടപ്പോൾ അവളക്ക് എന്തെന്നില്ലാത്ത സന്തോഷം തോന്നി. അത് അദ്ദേഹമാണ് , ആ കുഞ്ഞുങ്ങളുടെ പപ്പ. കോൾ അറ്റെന്റ് ചെയ്ത് ഫോൺ ചെവിയോട് ചേർക്കുമ്പോൾ അവളുടെ മുഖത്തെ സന്തോഷം മാഞ്ഞ് മാഞ്ഞ് പോയി. അവളുടെ കണ്ണുകളിൽ ജലകണങ്ങൾ ഉരുണ്ടുകൂടി. കുഞ്ഞുങ്ങൾ ചോദിച്ചു. " എന്താ അമ്മേ പപ്പ പറഞ്ഞത് ?" കണ്ണുകൾ നിറഞ്ഞ് തുലുമ്പാതിരിക്കാൻ ശ്രദ്ധിച്ചു കൊണ്ട് അവൾ ചിരിക്കാൻ ശ്രമിച്ചു. "മക്കളേ, പപ്പ വരുന്നുണ്ട്. ഇപ്പോഴിങ്ങെത്തും." പപ്പ വരുന്നത് അറിഞ്ഞ് തുള്ളിച്ചാടി സന്തോഷിക്കുന്ന കുഞ്ഞുങ്ങളെ കണ്ടപ്പോൾ അവൾ കരച്ചിലടക്കാൻ പാടുപെട്ടു.അദ്ദേഹത്തിന്റെ കോവിഡ് പരിശോധനാ ഫലം പോസിറ്റീവാ ണെന്നും ; ഞങ്ങളെ കാണാൻ അദ്ദേഹം വീടിന്റെ ഗേറ്റ് വരെ മാത്രം വരുമെന്നും താനോ കുഞ്ഞുങ്ങളോ അദ്ദേഹത്തിന്റെ അരികിലേക്ക് ചെല്ലരുതെന്നും അദ്ദേഹം ഫോണിൽ കൂടെ പറഞ്ഞ വാക്കുകൾ അവളുടെ കാതുകളിൽ അലയടിച്ചുകൊണ്ടിരുന്നു. രാജ്യത്തെ മികച്ച ഡോക്ടർമാരിൽ ഒരാളായ അദ്ദേഹം രണ്ടാഴ്ചയോളമായി കോവിഡ് രോഗികളെ ചികിത്സിച്ച് ആശുപത്രിയിൽ തന്നെയായിരുന്നു. തിരക്കൊഴിയുമ്പോഴുള്ള ഫോൺ കോളുകൾ ....... അതായിരുന്നു ദിവസം മുമ്പ് വിളിച്ചപ്പോഴാണ്

പറഞ്ഞത് തനിക്കും കോവിഡ് ലക്ഷണങ്ങൾ ഉണ്ടെന്ന്. പരിശോദന ഫലം പോസിറ്റീവ് ആണെന്ന് ഇന്നാണ് അറിഞ്ഞത്.

അവൾ കുഞ്ഞുങ്ങളെ നോക്കി. പപ്പ വരുന്നതറിഞ്ഞ് തുള്ളിച്ചാടി സന്തോഷിക്കുന്ന മക്കൾ .... സാധാരണ അദ്ദേഹത്തിന്റെ കാർ കാണുമ്പോഴേ കുഞ്ഞുങ്ങൾ ഗേറ്റിനരികിലേക്ക് ഓടി വരാറാണ് പതിവ്. റോഡിനരികിൽ ഇറങ്ങി, രണ്ട് കുഞ്ഞുങ്ങളെയും കൈകളിലെടുത്ത്, അവരുടെ കൊഞ്ചലുകൾ ആസ്വദിച്ച്, അവരെ കൊഞ്ചിച്ച് വീട്ടിലെക് നടക്കും. ഇതിനിടയിൽ ഡ്രൈവർ കാർ വീട്ടുമുറ്റത്ത് നിർത്തിയിട്ടുണ്ടാവും.

ഗേറ്റിനരികിൽ തങ്ങളുടെ സിൽവർ കളർ കണ്ടപ്പോഴേ കുഞ്ഞുങ്ങളിൽ ഗേറ്റിനരികിലേക്ക് ഓടാൻ തുടങ്ങി. അവൾ കുഞ്ഞുങ്ങളെ മുറുക്കെ പിടിച്ചു.

അവർ കരഞ്ഞുകൊണ്ട് ഓടാൻ ശ്രമിച്ചപ്പോൾ അദ്ദേഹം കാറിൽ നിന്ന് പുറത്തിറങ്ങി അടുത്ത് വരരുതെന്ന് കൈകൾ കൊണ്ട് ആംഗ്യം കാണിക്കുന്നുണ്ടായിരുന്നു. അവൾ കുഞ്ഞുങ്ങളെ ചേർത്ത് പിടിച്ചു. ഏതാനം മിനുട്ടുകൾ തമ്മിൽ നോക്കി നിന്നു. ഈറനണിഞ്ഞ് കാഴ്ച മറച്ചിരിക്കുന്നു. അദ്ദേഹത്തിന്റെയും കണ്ണുകൾ നിറഞ്ഞു. തുളുമ്പിയോ ? ഏതോ ഒരു ഉൾവിളിയിൽ അവൾ തന്റെ ഫോൺ എടുത്ത് ആ ചിത്രം പകർത്തി. അദ്ദേഹം തങ്ങളെ നോക്കി യാത്ര പറയുന്ന ആ ചിത്രം...

മൂന്ന് ദിവസങ്ങൾക്ക് ശേഷം അവൾ ആ ഞെട്ടിക്കുന്ന സത്യം ആശുപത്രി അധികൃതരിൽ നിന്ന് അറിഞ്ഞു. തന്റെ ഭർത്താവ് തന്നെ വിട്ട് പിരിഞ്ഞിരിക്കുന്നു അപ്പോഴും കുഞ്ഞുങ്ങൾ ചോദികുന്നുണ്ടായിരുന്നു; " അമ്മേ, പപ്പ എന്നാ വരിക?". അവരോട് എന്ത് പറയണമെന്ന് അവൾക്ക് അറിയില്ലായിരുന്നു. മനസ്സ് നിറയെ സ്നേഹവും കൈനിറയെ സമ്മാനങ്ങളുമായി തങ്ങളെ വാരി പുണരാൻ പപ്പ ഒരിക്കൽ എത്തുമെന്ന് അവർ

വിശ്വസിച്ചോട്ടേ.അവൾ തന്റെ ഫോണിൽ സൂക്ഷിച്ചിരുന്ന ആ ചിത്രം ഒന്നുകൂടി നോക്കി. തങ്ങളോട് യാത്ര പറയുന്ന പ്രിയതമന്റെ ചിരിക്കുന്ന ചിത്രം, അന്ന് കണ്ണ് നിറഞ്ഞ് കാഴ്ച മങ്ങിയ ആ ചിത്രം ഇന്ന് തെളിമയോടെ കാണുന്നു. തന്റെ പ്രിയതമന്റെ സ്നേഹത്തിന്റെയും കരുതലിന്റെയും ത്യാഗത്തിന്റെയും ചിത്രം ആ സ്നേഹരൂപത്തെ അവൾ നെഞ്ചോട് ചേർത്തുപിടിച്ചു. എന്നന്നേക്കുമായി..... ഒപ്പം തന്റെ കുഞ്ഞുങ്ങളെയും .....

കോവിഡ് രോഗികളെ ചികിത്സിച്ചതിലൂടെ രോഗബാധിതരായി മരിച്ച എല്ലാ ആരോഗ്യ പ്രവർത്തകരുടെയും പാവന സ്മരണക്കുമുന്നിൽ ആദരാഞ്ജലികൾ അർപ്പിച്ചു കൊണ്ട് കഥ ഇവിടെ നിർത്തുന്നു.

അപ്സ എസ് വിജിൻ

# സ്വർഗ്ഗമാകുന്ന വിദ്യാലയം

എൻ വിദ്യാലയമെന്നുമെന്നും
എന്റെ സ്വർഗ്ഗമാണെന്നുഞാ –
നറിഞ്ഞു, എന്നുള്ളിലെന്ത്യമാനന്ദ –
പൂമഴ പെയ്തുലഞ്ഞു

എൻ ഗുരുക്കളെന്നും
എൻ ഭാഗ്യദേവ ഭൂതൻ
അവരാകുന്നു എൻ
പ്രിയ ചങ്ങാതിമാർ

വിദ്യാലയമാകുന്ന ഭൂമിയിൽ
എന്നുമെൻ സന്തോഷം
പൂവണിയും വിദ്യാലയ –
അങ്കണമാണെന്ന് എൻ സ്വർഗ്ഗം.

അപർണ ആർ

# ഓടയിൽ നിന്ന്

കേരളത്തിലെ പ്രശസ്തനായ നോവലിസ്റ്റും ചെറുകഥാകൃത്തും നാടകകൃത്തുമായ പി. കേശവദേവിന്റെ ഹൃദയസ്പർശിയായ ഒരു നോവലാണ് ' ഓടയിൽ നിന്ന്'. പപ്പു എന്ന സാധാരണക്കാരന്റെ ജീവിതം വളരെ ലളിതമായി അവതരിപ്പിക്കുകയാണ് കേശവദേവ് ഈ നോവലിലൂടെ. ഞാൻ ആറാം ക്ലാസ്സിൽ മലയാളം പുസ്തകത്തിലാണ് ഈ നോവലിന്റെ ഒരു ഭാഗം വായിക്കുന്നത് വളരെ ലളിതമായ ഭാഷയിലാണ് കേശവദേവ് നോവൽ എഴുതിയിട്ടുള്ളത്. വായിച്ചു കഴിഞ്ഞാൽ അതിലെ ഓരോ അനുഭവങ്ങളും മനസ്സിൽ പതിയുന്നു. പച്ചയായ ജീവിതത്തിന്റെ നേർക്കാഴ്ച മാറി മറിയുന്ന മനസ്സിന്റെ സ്നേഹരൂപങ്ങൾ . . . .

പപ്പു എന്ന റിക്ഷത്തൊഴിലാളിയാണ് അയാൾ. രാവും പകലും തിരക്കേറിയ നഗരത്തിലൂടെ റിക്ഷ ചലിക്കുന്നു. ഒരിക്കൽ റിക്ഷ തട്ടി ' ലക്ഷ്മി' എന്ന പെൺക്കുട്ടി ഓടയിൽ വീഴുന്നു. ആ കുട്ടിയുമായി കൂടുതലടുത്തപ്പോൾ പാപ്പുവിന് ആ ബാലികയോട് ഒരു ആത്മബന്ധം തോന്നുകയും, അന്ന് വരെ ജീവിതത്തിന് ഒരു ലക്ഷ്യവുമില്ലാതിരുന്ന പപ്പു ആ കുട്ടിയുടെയും അവളുടെ അമ്മയുടെയും സംരക്ഷണം ഏറ്റെടുക്കുന്നു. പപ്പുവിന്റെ ജീവിതത്തിന്ന് ഒരു അടുക്കും ചിട്ടയും വരുത്താൻ ലക്ഷ്മിയും അവളുടെ അമ്മയും സഹായിക്കുന്നു. ലക്ഷമിക്ക് പപ്പു ഒരു അമ്മാവന്റെ സ്ഥാനത്തുനിന്ന് പഠിക്കുന്നതിനാവശ്യമായതെല്ലാം ചെയ്തുകൊടുക്കുന്നു. രാവും പകലും റിക്ഷയോടിച്ച് ഒരു ക്ഷയരോഗിയായി പപ്പു മാറിക്കഴിഞ്ഞു. ലക്ഷ്മി വളർന്നപ്പോൾ ഏതു സമയവും ചുമക്കുന്ന ക്ഷയരോഗിയായ പാപ്പുവിനെ അമ്മാവന്നാണെന്ന് പറയാൻ അവൾക്ക് നാണക്കേടായി. അത് പപ്പു മനസ്സിലാക്കുന്നു. പപ്പു സ്വയം അവരുടെ ജീവിതത്തിൽ നിന്നും ഒഴിഞ്ഞു പോകുന്നു. ഇതാണ് ഈ നോവലിന്റെ പ്രമേയം.

തികച്ചും പപ്പു എന്ന കഥാപാത്രം സമൂഹത്തിന്റെ ഏറ്റവും നീതികേടനുഭവിക്കുന്ന കഥാപാത്രമാണ്. അയാൾകഷ്ടപ്പെടുന്നു സ്നേഹം തിരികെ കിട്ടാതെ അയാൾ സ്നേഹിക്കുന്നു. ഒടുവിൽ തെരുവിൽ മരിച്ചു വീഴുന്നു ൾ. എത്രയോ മനുഷ്യരുടെ പ്രതീകമാണ് പപ്പു. സ്നേഹം എന്തെന്നറിയാത്ത ഈ ലോകം സ്വാർത്ഥതക്കു മാത്രം ഊന്നൽ കൊടുക്കുന്നു. സ്നേഹിക്കപ്പെടേണ്ട ഇടയിൽ അവഗണന വാരി നിറക്കുകയും ചെയ്യുന്ന മനുഷ്യരുടെ ലോകമാണിത്. അതിനെ എല്ലാവർക്കും മനസ്സിലാകുന്ന രീതിയിലാണ് കേശവദേവ് അവതരിപ്പിക്കുന്നത്.

‘ ഓടയിൽ നിന്ന്’ സിനിമയായപ്പോൾ നോവൽ കുറച്ചുകൂടി ജനശ്രദ്ധ നേടി. പ്രസിദ്ധീകരിച്ച വർഷം കഴിഞ്ഞ ശേഷവും ഈ നോവലിലെ സന്ദർഭങ്ങളും സംഭവങ്ങളും ഇപ്പോഴും നമ്മുടെ കാണാൻ കഴിയുന്നു. വന്ന വഴി മറക്കരുത് എന്ന് വായനക്കാരെ തുരുതുരാ ഓർമിപ്പിക്കുന്ന ഈ നോവൽ തികച്ചും കാലം കടന്നുവന്ന ഒരു നോവലാണെന്ന് പറയാം. വളരെ ലളിതമായ, ഹൃദയസ്പർശിയായ നോവലാണ് ഈ ‘ ഓടയിൽ നിന്ന്’.

റിയ എസ് ഫാത്തിമ

# കോവിഡ് കാലം

കണ്ണീരൊഴുകിയ കേരളമാം എന്റെ
കണ്ണീരിൽ ചാലിച്ച കൊറോണയും
കണ്ണിന്റെ കൃഷ്ണമണിപോലുള്ളൊരു
കണ്ണും കരളും മറഞ്ഞുപോയി

ചൈനതൻ വന്മതിൽ താണ്ടിയാ
കോട്ടകൾ കൊറോണക്കു
മുന്നിൽ തലകുനിച്ചു
ഭയമല്ല സോദര കരുതലാണീ-
നേർത്ത അതിജീവനത്തിൻ
കഥപറയാം

ലോക്ക്ഡൗണും കർഫ്യൂവും
കwറൻറൈനുമെല്ലാം ജീവിതത്തിന്റെ
ഭാഗമായി, കൈകൾ കഴുകുക
മാസ്ക് ധരിക്കുക
സമൂഹ്യകലം പാലിക്കുക ഏവരും.

രേഷ്മ എം ആർ

# തേൻമാവ്

വൈക്കം മുഹമ്മദ് ബഷീറിന്റെ പ്രശസ്തനായ ചെറുകഥകളിൽ ഒന്നായിരുന്നു തേൻമാവ്. പേര് സൂചിപ്പിക്കുന്നത് പോലെ തന്നെ ഒരു തെന്മവിനെക്കുറിച്ചുള്ളതാണ് ഈ ചെറുകഥ. വളരെ ലളിതവും സരസവുമായാണ് ബഷീർ ഇത് രചിച്ചിരിക്കുന്നത്.

ഒരു വൃക്ഷത്തോടുള്ള സ്നേഹം വൃക്ഷാരാധനയായി കല്പിക്കപ്പെടുന്നതിലുള്ള ബഷീറിന്റെ അതൃപ്തിയും ഈ കഥയിൽ കാണാവുന്നതാണ്. കഥാകാരൻ തന്നെ കഥാപാത്രമായി വരുന്ന ശൈലി മറ്റു പല ബഷീർ കൃതികളിലെയും പോലെ ' തെന്മവിലും' സ്വീകരിച്ചിരികുന്നു. മാത്രമല്ല, കഥാപാത്രത്തെക്കൊണ്ട് കഥ പറയിപ്പിക്കുകയും ചെയ്തിരിക്കുന്നു. ശരിക്കും കഥയാണോ ജീവിതമാണോ എന്നറിയാതെ വായനക്കാരൻ കുഴങ്ങിപ്പോകുന്നു.

തെന്മവിനെ സ്നേഹിക്കുന്ന രണ്ടു വ്യക്തികൾ. റഷീദും, അസ്മയും. അവർക്ക് ഒരു തേന്മാവിനോടുള്ള സ്നേഹത്തിന്റെയും, അതിനിടയാക്കിയ സാഹചര്യത്തിന്റെയും കഥയാണിത്. ഈ തെന്മവിന്റെ ചരിത്രം റഷീദും ആസ്മയും ബഷീറിനോട് പറയുന്നതാണ് കഥാസന്ദർഭം. കഥയിലെ മറ്റൊരു പ്രധാന കഥാപാത്രമാണ് യൂസുഫ് സിദ്ദിക്ക്.

ഈ കഥ വായിക്കുന്നവരൊക്കെയും ഒരു വൃക്ഷത്തെയെങ്കിലും സംരക്ഷിക്കണമെന്ന സന്ദേശമാണു ബഷീർ നൽകുന്നത്.

ശിബിന

# എന്റെ അവധിക്കാല അനുഭവം

എന്റെ ഈ വർഷത്തെ അവധിക്കാലം വളരെ സന്തോഷം നിറഞ്ഞതായിരുന്നു. ഞാൻ എന്റെ അനിയത്തിമാരോടും കൂട്ടുകാരുമൊത്ത് പലതരം പുതിയ കളികൾ കളിച്ചു. ഞാൻ എന്റെ കുടുംബത്തോടൊപ്പം ഒരു വിനോദയാത്ര പോയിരുന്നു. കന്യാകുമാരിയിലായിരുന്നു ഞങ്ങൾ പോയത്. അവിടത്തെ ബീച്ചിൽ ഞാൻ ഒരുപാട് നേരം കളിച്ചു. കന്യാകുമാരി യാത്രക്കിടയിൽ തൃപ്പരപ്പ് വെള്ളച്ചാട്ടവും, പത്മനാഭപുരം പാലസ്, വട്ടക്കോട്ട എന്നീ സ്ഥലങ്ങൾ സന്ദർശിച്ചു. അവിടെയെല്ലാം ഒരുപാട് സമയം ഞാൻ ചിലവഴിച്ചിരുന്നു. പിന്നെ കന്യാകുമാരി വിവേകാനന്ദ പാറയിലും പോയിരുന്നു. വൈകുന്നേരം സൂര്യാസ്തമയവും കണ്ട് കന്യാകുമാരി ക്ഷേത്രവും കണ്ട് ഞങ്ങൾ വീട്ടിലേക്ക് മടങ്ങി. പോരുന്ന വഴിക്ക് അച്ഛൻ പറയുകയുണ്ടായി; ഒരുകാലത്ത് ഈ കന്യാകുമാരി കേരളത്തിന്റെ ഭാഗമായിരുന്നു. കൃഷിക്കായി തമിഴ് നാട്ടിൽ നിന്നും പാലക്കാട് വാങ്ങി പകരം കന്യാകുമാരി കൊടുത്തതാണെന്ന്. ശെരിക്കും ഈ കന്യാകുമാരി യാത്ര ഞാൻ വളരെ അധികം ആസ്വദിച്ചു, എന്റെ ഈ അവധിക്കാലം വളരെ സന്തോഷം നിറഞ്ഞതായിരുന്നു.

ശിവഭദ്ര

# ഓർമ്മയുടെ ഞരമ്പ്

ഓർക്കാതിരിക്കാൻ കഴിയില്ലെനിക്കാ
നീണ്ട കാലങ്ങൾ അന്നേകിയ നോവുകൾ.
ഓർക്കവേ ഓർക്കവേ ഓർമകൾ മങ്ങിയോ
ഓർക്കാൻ ശ്രമിക്കവേ കാലം തടഞ്ഞുവോ.
മങ്ങിയ ഓർമ്മതൻ ഘോര വനങ്ങളിൽ
മൌനമായി പാറിടും പൈങ്കിളിയാണു ഞാൻ
നശ്വരമാമോർമ്മ നശിച്ചു പോകുമ്പോഴും
അവയെ പ്രണയിക്കും പ്രേയസിയാണു ഞാൻ

ഓർമ്മയിൽ ഇന്നും മുളച്ചുവരുന്നു
മഹാകവിയന്നൂരിയടിയ വാക്കുകൾ
സാഹിത്യ സാഗരാഴങ്ങളിലേക്കൊന്ന
പാടെ നയിചൊരാ സക്തമാം വാക്കുകൾ
മനസിന്റെ ഏടിൽക്കുറിച്ചിട്ടതാണന്നീ-
സാഗരം തന്നിൽ ലയിച്ചങ്ങു ചേരുവാൻ
സംഗീതം കൊണ്ടെന്റെ ജീവൻ ഉയർത്തുവാൻ
സാഹിത്യം കൊണ്ടതിൻ
വർണ്ണങ്ങൾ ചാർത്തുവാൻ

നാമ്പു കിളിർത്തിടും മുമ്പേ മരിച്ചുപോം
പാഴ്ചെടിപോലെയായി പിന്നെയെൻ ജീവിതം

ഗൂഢാമാം  മഞ്ഞചരടിന്റെയുള്ളിൽ പ്പെട്ട-
ലമുറയിട്ടെന്റെ കാതര സ്വപ്നങ്ങൾ
ഒന്നൂരിയാടാൻ കഴിയാതെ ഞാനെന്റെ
ചിന്തകളൊക്കെ ഒതുക്കി വച്ചിടവേ
കൂട്ടിലടച്ചോരു ചെറുകിളി പോലെയായി
മോഹങ്ങൾ നീരറ്റ പാഴ് മരുഭൂമിയായി.

ഭയത്തോടെ   ഞാനന്നു പുസ്തകത്താളിൽ
ഉതിർത്തിട്ട അക്ഷരമാം മണി മുത്തുകൾ
കോർത്തെടുത്തീടവേ പൊട്ടിച്ചറി-
യുവാൻ നോക്കുന്നു ക്രൂരമാം വിരലുകൾ.
പെണ്ണായ് പിറന്നതിൽ ശാപം പതിച്ചെന്റെ
ചിന്തയിലാകവേ വിള്ളലു വീണുപോയ്
കേൾക്കാത്ത കാണാത്ത മിണ്ടാത്ത പാവയായി
ചരടു വലിക്കുമ്പോൾ ആടുന്ന ബൊമ്മയായി

എങ്കിലും ഞാൻ എന്റെ സാഹിത്യ സ്വത്തിനെ
കൈയ്യൊഴിയാതങ്ങ് കാത്ത് സൂക്ഷിച്ചുപോയി
ഇരുളിന്റെ മറവിലും ഏകാന്ത രാവിലും
അണയാത്ത ദീപമായ് കത്തിച്ചു വച്ചുപോയ്
ആശകൾ ഊർജ്ജമായ് കൈയ്യിൽ നിറച്ചുപോയി
ആവേശമായ് തന്നെ താളിൽ കുറിച്ചുപോയ്.

അറിയുന്നു ഞാൻ ആറ്റു പോയൊരാ ഓർമ്മകൾ-
തൻ ബാക്കി പത്രമാണികൊച്ചു താളുകൾ
അറിയുന്നു ഞാൻ ആറ്റു പോയൊരാ ഓർമ്മകൾ-
തൻ ബാക്കി പത്രമാണി കൊച്ചു താളെന്നാലറി-
യുന്നുവോ മരണമില്ലാത്ത ലോകമേ
നിൻ നേർക്ക് ചൂണ്ടുന്ന വിരലുകളാണവ

ആരു കണ്ടിന്നന്റെ ഓർമ്മതൻ വേതുകൾകാ-
സ്ഥാനം ഈ കൊച്ചു താളെന്ന സത്യം ?
പഴകിയ താളോ നശിചീടിലും പിന്നെ
പഴകാത്ത ഓർമ്മതൻ പ്രതിച്ഛായ പോലയീ
നീല ഞാരമ്പിനന്റെ കാണ്ടനാളം അതിൽ
മരണമേ ഈ ഞെരമ്പെഴും ഓർമ്മയെ.

സംഗീത ജെ വി

# സഖി

പിച്ചവെച്ചൊരാ എൻ ബാല്യ വീഥിയിൽ
ഞാൻ കണ്ടുവളർന്ന മുഖം
എൻ തൊഴിമാരുടേതായിരുന്നു.
വിദ്യാലയത്തിൽ വരുമ്പോൾ എൻ കൂടെ
കാണുമെൻ പ്രിയ സഹോദരി. . . .

എന്തിനു നീ ക്രൂരമായ നികൃഷ്ട്ടമായ കാലമേ
എൻ തൊഴിയെ നീ കവർന്നെടുത്തു.
ഇനി എന്നു വരുമെന്ന് കാതോർത്ത്
നിൽക്കുന്നു ഞാൻ.
നിൻമുഖം കാണ്മാൻ ഞാൻ കൊതിക്കുന്നു.
നിൻ പുഞ്ചിരി പൂത്ത പാരിജാതം കാണാൻ
ഞാൻ മഴതേടുന്ന വേഴാമ്പൽ പോലെ . . . .

എന്തിനു നീ കാലമേ എൻ തൊഴിയെ
ഈ മണ്ണിൽനിന്നു കൊണ്ടുപോയി
ശപിക്കുന്നു.
തഴുകുന്ന വയലേലകളും വീശുന്ന കാറ്റും
വിധിയെന്നുചൊല്ലി ഞാൻ വിത്തുമ്പിനിന്നു . . . .

എന്നെ താഴുകികൊണ്ടിരുന്നു
ഈ കണ്ണീർ നൊമ്പരത്തെ ഞാൻ
എന്തെന്നു വിളിക്കേണ്ടു ?
വിധിയെന്നോ ?
കാലത്തിന്റെ കളിവിലയാട്ടമെന്നോ ?

അഖില ഐ എസ്

# കേൾക്കാത്ത തേങ്ങൽ

ഭാരത മാതാവിന്റെ ചുമലിലണിഞ്ഞ
ചെറുശംഖുപുഷ്പത്തിൽ വർണ്ണമായൊരു പുഴ
പൂ നീ ഉറവയായി; പിന്നെ നീ അരുവിയായ്
ഒടുവിൽ പുഴയുമായി പരിണമിച്ചു നീയും
വെള്ളാരം കല്ലുകളും മഞ്ഞ മണൽപ്പരപ്പും
ശുദ്ധജലവും പിന്നെ മാനത്തു കണ്ണുകളും
ഒന്നായി വളർന്നീ പുഴയിൽ, നാളുകളേറെപ്പോയി
മഞ്ഞുപോയ് മഴയും പോയി
വെള്ളാരം കല്ലുകൾ ഫിഷ് ടാങ്കിലും
പൊൻ മണൽ മാഫിയാ കൈകളിലും
മതിയീ ജീവിതം, പുഴ ഏങ്ങലടിച്ചു.
ദേഹവും കരളും കുപ്പകൾ നിറഞ്ഞിടും
കുത്തി ഞെരിച്ചു വീയും
മാലിന്യം പെരുകുന്നു
ഈ പുഴയല്ലോ, നമുക്കേവർക്കും പ്രിയപ്പെട്ട
അമ്മയാം പുഴ

ഭരദ്വാജ്

# എന്റെ അവധിക്കാലം

ഒന്നര വർഷത്തെ കോവിഡ് കാല അവധിക്കുശേഷം പുത്തനുടുപ്പിട്ട് പുതിയ ബാഗും ബുക്കുകളുമായി ജൂൺ 1 – ന് സ്കൂളിലേക്കെത്തിയപ്പോൾ കൂട്ടുകാരോടൊരുമിച്ച് കളിച്ച് രസിച്ച് നടന്ന കാലമാണ് എനിക്കോർമ്മ വന്നത്. അന്നത്തെ കാത്തിരിപ്പായിരുന്നു എന്റെ അവധിക്കാലം. ഏപ്രിൽ രണ്ടാം വാരം വരെ ഈശോയുടെ അന്ത്യത്താഴം, മരണം, ഉത്ഥാനം എന്നിവയ്ക്കായി തീക്ഷണതയോടെ കാത്തിരുന്നു. ഈസ്റ്റർ കഴിഞ്ഞതോടെ അടുത്ത ദിവസം തന്നെ എന്റെ ട്യൂഷൻ ആരംഭിച്ചു. അത് കഴിഞ്ഞ് മെയ് ആയപ്പോഴേക്കും എന്റെ പള്ളിയിലെ ബൈബിൾ ഒറിയന്റേഷൻ ക്യാമ്പ് ആരംഭിച്ചു. 5 ദിവസം നീണ്ടു നിന്ന ക്യാമ്പ് പാട്ടും കളിച്ചിരികളുമായി വളരെ രസകരമായി നടന്നു. മെയ് 9 – ന് ക്യാമ്പ് ആരംഭിച്ച് 13 – ന് ക്യാമ്പ് അവസാനിച്ചു. അതുകഴിഞ്ഞ് ജൂൺ 1- നായി ഞാൻ വളരെ ആഗ്രഹത്തോടെ കാത്തിരുന്നു. ഇതാ ആ ദിവസം കടന്നു പോയിരികുന്നു.

ആൻസി ജെ എസ്

# ബാഷ്പാഞ്ജലി

വീണ്ടും മീട്ടുവാനായ് തുടച്ചു വച്ചു.
ആരോ വാങ്ങിയതാണെങ്കിലും; എല്ലാർക്കും
രാഗധാരയൊരുക്കുവാൻ ഒരുക്കിവച്ചു.
കാറ്ററിയുന്നീലതൻ സുഗന്ധം
പരമാത്മപുണ്യ ശുകൃതമല്ലേ ?
കാലാന്തരങ്ങളിൽ കൊഴിഞ്ഞു വീഴും –
വസന്തവനികയിലെ പൂക്കളെ;
നിങ്ങൾക്കു ബാഷ്പാഞ്ജലി

ബീന എ എസ്

# അമ്മ

ഞാൻ ആദ്യമായി കണികണ്ട ദൈവമാണെന്നമ്മ
ഞാൻ ആദ്യമായി സ്നേഹിച്ച ദൈവമാണെന്നമ്മ
സ്നേഹം പഴച്ചാറായി തരുന്നെന്നമ്മ
കണ്ണീരിന്റെ നോവിൽ എന്നും തണലായി എന്നമ്മ

നൊമ്പരങ്ങൾ മറന്നും സ്നേഹം നുകർന്നും
എന്നെ താരാട്ടു പാടിയുറക്കുന്നെന്നമ്മ
ആ താരാട്ടു പാട്ടിൻ ഈണം
എൻകാതിൽ മുഴങ്ങുന്നു ഇന്നും

ഈ  പാട്ടിന്റെ ഈണം എന്നെ തലോടുമ്പോൾ
എൻ മനസ്സിലേക്ക് ഓടിയെത്തുന്നെന്നമ
ആദ്യ ഗുരുവാണെന്നമ്മ
എന്നെ സ്നേഹിച്ച ദേവതയാണെന്നമ്മ

ഗംഗ സുരേഷ്


THANK YOU